# മലയാളി അസോസിയേഷൻ ഓഫ് യു.കെ.

## വാർഷിക പൊതു റിപ്പോർട്ടും സാമ്പത്തിക സ്റ്റേറ്റ്മെന്റുകളും 2015

വെബ്സൈറ്റ് : [www.mauk.org](http://www.mauk.org) മെയിൽ: **keralahouse@mauk.org**

## ഉള്ളടക്കം

കമ്പനി വിവരം

ഡയറക്ടറുടെ റിപ്പോർട്ട്

സാമ്പത്തിക പ്രവർത്തനങ്ങളുടെ സ്റ്റേറ്റ്മെന്റ്

ബാക്കിപത്രം

സാമ്പത്തിക സ്റ്റേറ്റ്മെന്റുകളുടെ കുറിപ്പുകൾ

## കമ്പനി വിവരം

കമ്പനിയുടെ പേര്: **ദ മലയാളി അസോസിയേഷൻ ഓഫ് ദി യു.കെ. (എം.എ.യു.കെ.)**

കമ്പനി നമ്പർ: **4934084**

ചാരിറ്റി നമ്പർ: **1102653**

റജിസ്റ്റേർഡ് ഓഫീസ്: കേരളാ ഹൗസ്, 671 റോംഫഡ് റോഡ്, മാനർ പാർക്ക്, ലണ്ടൻ **E12 5AD**

**ദൗത്യ പ്രസ്താവന**

**മലയാളി സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുകയും, അവരുടെ താല്പര്യങ്ങൾ മുന്നോട്ടുവയ്ക്കുകയും, സമൂഹത്തിന്റെ ഒത്തൊരുമയ്ക്കും സാമൂഹികമായ ഉൾപ്പെടുത്തലിനുമുള്ള യത്നത്തിൽ മറ്റ് സംഘടനകളുമായും ഏജൻസികളുമായുള്ള പങ്കാളിത്തം വികസിപ്പിക്കുകയും ചെയ്യുന്നതിനായി മലയാളി സമൂഹത്തിനായുള്ള ഒരു ആഗോള സംഘടനയാവുക.**

പ്രിയപ്പെട്ട അംഗങ്ങളേ

മലയാളി അസോസിയേഷൻ ഓഫ് യു.കെ.യുടെ (എം.എ.യു.കെ.) 2015ലെ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കാൻ ഈ അവസരം വിനിയോഗിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ റിപ്പോർട്ടിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത് 2015 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിലെ സംഘടനയുടെ വിവിധ പ്രവർത്തനങ്ങളും സംഭവങ്ങളുമാണ്.

**ഡയറക്ടർ ബോർഡ്**
എം.എ.യു.കെ. ഒരു റെജിസ്റ്റേർഡ് ചാരിറ്റിയും ഗ്യാരന്റിയാൽ ബാദ്ധ്യത പരിമിതപ്പെടുത്തിരിക്കുന്നതായ ഒരു കമ്പനിയുമാണ്. ആയതിനാൽ, ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് ചാരിറ്റി ട്രസ്റ്റികളായും കമ്പനി ഡയറക്ടർമാരായുമുള്ള ഉത്തരവാദിത്തമുണ്ട്.

2015ലെ വാർഷിക പൊതുയോഗത്തിൽ വച്ച്, താഴെപ്പറയുന്ന 8 പുതിയ അംഗങ്ങളെ ബോർഡിലേക്ക് തെരഞ്ഞെടുത്തിരുന്നു: പുഷ്കാസ് വാസു, അനിൽകുമാർ എടവന, നിഷാർ വി പുഷ്പലത, ബിജു ഗോപിനാഥ്, ശില്പ ജയൻ പിള്ള, അജി കുമാർ വേലു, സുപ്രഭ നായർ, ഹരിലാൽ വാസവൻ. നിലവിലുള്ള ബോർഡിൽ താഴെപ്പറയുന്ന 20 ഡയറക്ടർമാരാണുള്ളത്:

**2016ലെ വാർഷിക പൊതുയോഗത്തിൽ കാലാവധി പൂർത്തിയാകുന്നവർ**
അജി ഗംഗാധരൻ, ജെയിൻലാൽ സോമൻ, ജെയ്സൺ ജോർജ്, ലളിതാ പിള്ള, ശ്രീവൽസലൻ പിള്ള, സാംബശിവൻ രാമൻ എന്നിവർ.

**2017ലെ വാർഷിക പൊതുയോഗം വരെ കാലാവധി തുടരുന്നവർ**
അജി കുമാർ വേലു, അനിൽകുമാർ എടവന, ബാൾഡ്വിൻ സൈമൺ, ബിജു ഗോപിനാഥ്, ഹരിലാൽ വാസവൻ, ജയൻ പിള്ള, മുരളീധരൻ ഗംഗാധരൻ പിള്ള, ശില്പ പിള്ള, നിഷാർ വി പുഷ്പലത, പുഷ്കാസ് വാസു, രാജേശ്വരി സദാശിവൻ, രവീന്ദ്രൻ നായർ, സുധീരൻ വാസുദേവൻ, സുപ്രഭ നായർ എന്നിവർ.

എം.എ.യു.കെ. ഭരണഘടന അനുസരിച്ച്, വാർഷിക പൊതുയോഗം ബോർഡിലേക്ക് ആവശ്യമുള്ള എണ്ണം ഡയറക്ടർമാരെ മാത്രമേ തെരഞ്ഞെടുക്കുകയുള്ളൂ. അതിനുശേഷം ബോർഡിന്റെ ആദ്യ യോഗം ഭാരവാഹികളെ തെരഞ്ഞെടുക്കുകയും, വിവിധ ഡയറക്ടർമാർക്കുള്ള പങ്കുകളും ഉത്തരവാദിത്തങ്ങളും എന്താണെന്നു തീരുമാനിക്കുകയും ചെയ്യുന്നു.

**മാനേജ്മെന്റ് ഘടന**
സമൂഹത്തിന് സാദ്ധ്യമായതിൽ ഏറ്റവും മികച്ച സേവനങ്ങൾ കാഴ്ചവയ്ക്കാൻ എം.എ.യു.കെ.യെ പര്യാപ്തമാക്കുന്നതായ കാര്യക്ഷമമായ ഒരു മാനേജ്മെന്റ് ഘടനയുമായി മുന്നോട്ടുപോകുന്നതിനുള്ള നമ്മുടെ യത്നത്തിൽ, മാനേജ്മെന്റ് ഘടനയുടെ പ്രധാന ഉദ്ദേശ്യം ബോർഡിലെ ഡയറക്ടർമാരുടെ എണ്ണം പരമാവധി ആക്കി വിപുലപ്പെടുത്തുക എന്നതായിരുന്നു. പതിവു സേവനങ്ങളും വാർഷിക പരിപാടികളും പോലുള്ള പ്രവർത്തനഭാരം നാല് ടീമുകൾക്കായി വീതിച്ചു നല്കുന്നതിനായി പ്രവർത്തനങ്ങളും പരിപാടികളും വിഭജിക്കാവുന്ന രീതിയിലും, ബോർഡിലെ പുതിയ അംഗങ്ങൾക്ക്

ആവശ്യമായ ഏത് മാർഗ്ഗനിർദേശവും നല്കി സഹായിക്കാനാവുന്ന പരിചയസമ്പന്നരായ ഡയറക്ടർമാർ ഓരോ ടീമിലും ഉൾപ്പെടുന്ന വിധത്തിലുമാണ് മാനേജ്മെന്റ് ഘടന രൂപകല്പന ചെയ്തിരിക്കുന്നത്. ടീമുകളെ ടീം നോർത്ത്, ഈസ്റ്റ്, വെസ്റ്റ്, സൗത്ത് എന്നിങ്ങനെ പുനർനാമകരണം ചെയ്തിരിക്കയാണ്.



# ഡയറക്ടറുടെ റിപ്പോർട്ട്

ഈ വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 2015 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവാണ്. ആ വർഷത്തെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളുടെയും സേവനങ്ങളുടെയും ഒരു സംക്ഷിപ്തം ചുവടെ നല്കിയിരിക്കുന്നു.

**ഓണസദ്യയും ഓണാഘോഷവും**

മഹാരാജാവായ മഹാബലിയെയും അദ്ദേഹത്തിന്റെ ഭരണത്തിനു കീഴിലെ സുവർണ്ണ കാലഘട്ടത്തെയും അനുസ്മരിച്ചുകൊണ്ട് യു.കെ.യിൽ എമ്പാടുമുള്ള മലയാളികൾ ഓണം ആഘോഷിച്ചു. എം.എ.യു.കെ. സംഘടിപ്പിച്ച ദ്വിദിന ഓണാഘോഷത്തിന് സെപ്റ്റംബർ 5 ശനിയാഴ്ച്ച ലണ്ടനിലെ മാനർ പാർക്കിലുള്ള ട്രിനിറ്റി സെന്ററിൽ വച്ച് നടന്ന ഗംഭീരമായ പരമ്പരാഗത ഓണസദ്യയോടെ തുടക്കം കുറിക്കപ്പെട്ടു. അത് എല്ലാവർക്കും പരമ്പരാഗത കേരളീയ വേഷവിധാനത്തിൽ അണിഞ്ഞൊരുങ്ങുന്നതിനും 'നാട്ടിലെ' രുചി ആസ്വദിക്കുന്നതിനുമുള്ള ഒരു സുദിനമായിരുന്നു.

"പൊന്നോണം 2015" ആഘോഷങ്ങളുടെ ഭാഗമായി 2015 സെപ്റ്റംബർ 19ന് ഇൽഫോഡ് ടൗൺ ഹാളിൽ നാല് മണിക്കൂർ നിണ്ടുനിന്ന വിവിധ കലാപരിപാടികളുൾക്കൊള്ളിച്ചുള്ള ഒരു സാംസ്കാരിക പരിപാടി നടത്തി. അദ്ധ്യക്ഷൻ ശ്രീ രവീന്ദ്രൻ നായർ വിളക്കു കൊളുത്തുകയും തുടർന്ന് സ്വാഗതം ആശംസിക്കുകയും ചെയ്തതോടെ പരിപാടിക്ക് തുടക്കമായി. നമ്മുടെ മുഖ്യാഥിതി കേരളത്തിലെ ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ കാർഡിയോളജിസ്റ്റ് ഡോ. സജീഷും ഓണത്തെ കുറിച്ച് വിലപ്പെട്ട ഒരു പ്രസംഗം നടത്തുകയുണ്ടായി.

സാസ്കാരിക പരിപാടികളിൽ ലണ്ടനിലെയും സമീപ കൗണ്ടികളിലെയും മലയാളി സമൂഹത്തിൽപെട്ട നർത്തകരുടെയും സംഗീതജ്ഞരുടെയും ഒരു നല്ല നിര അണിനിരക്കുകയും, മാവേലി വരവേല്പ്, തിരുവാതിര, ക്ലാസ്സിക്കൽ നൃത്തങ്ങൾ, സംഘനൃത്തങ്ങൾ, ചെണ്ടമേളം എന്നിങ്ങനെയുള്ള സാംസ്കാരികവും പരമ്പരാഗതവുമായ പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ഓണാഘോഷങ്ങളുടെ പ്രധാന ആകർഷണം പശസ്ത പിന്നണി ഗായകരായ അൻവർ സാദത്ത്, രാകേഷ് ബ്രഹ്മാനന്ദൻ (പരേതനായ ബ്രഹ്മാനന്ദൻ മാഷിന്റെ മകൻ), സിത്താര എന്നിവർ നയിച്ച മൂന്ന് മണിക്കൂർ നീണ്ടുനിന്ന ഒരു തത്സമയ ഗാനമേളയായിരുന്നു. എം.എ.യു.കെ.യുടെ "നിസരി" നേതൃത്വം നല്കിയ ഓർക്കെസ്ട്രയിൽ കേരളത്തിലും യു.കെ.യിലും നിന്നുള്ള സംഗീതജ്ഞർ അണിനിരന്നു. ശബരീഷ് വയലിനും, സുശാന്ത് കീബോർഡും, വിനോദ്കുമാർ തബലയും പെർക്കഷനും, വരുൺ ഡ്രംസ്സും റിഥവും, ഷിനോ ബേസ് ഗിത്താറും വായിച്ചു. ഈ ഷോ മറ്റൊരു വമ്പൻ വിജയമാക്കിത്തീർത്ത എല്ലാ കലാകാരന്മാർക്കും കലാകാരികൾക്കും വോളന്റിയർമാർക്കും എം.എ.യു.കെ. നന്ദി രേഖപ്പെടുത്തുന്നു.

ഓണാഘോഷങ്ങളിൽ കേരളത്തിൽ നിന്നുള്ള ഗായകർക്ക് പ്രകടനം നടത്താനായി യു.കെ.യിലെ സംഗീതയുമായി എം.എ.യു.കെ. സഹകരിച്ച് പ്രവർത്തിച്ചു. സമൂഹത്തിന് പ്രയോജനമേകുന്ന സഹകരണ പങ്കാളിത്ത അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നത് എം.എ.യു.കെ. തുടരുന്നതാണ്.

**എം.എ.യു.കെ.യുടെ ഇ-ന്യൂസ്ലെറ്റർ**

ആശയവിനിമയം ഗണ്യമായി വർദ്ധിപ്പിക്കുന്നതിനായി ദേശീയമായും ആഗോളമായും എം.എ.യു.കെ.യുടെ കാര്യക്ഷമമായ ഉയർച്ചയെ 2010 മുതൽ ഇ-ന്യൂസ്ലെറ്റർ പിന്തുണച്ചുവരുന്നു. എം.എ.യു.കെ.യുടെ ലക്ഷ്യങ്ങളിലൊന്ന് ഒരു ഐ.ടി., വിപണനതന്ത്രം വികസിപ്പിക്കുക എന്നുള്ളതാണ്. ഇ-ന്യൂസ്ലെറ്റർ പ്രസിദ്ധീകരിക്കുന്നത് തുടർന്നുകൊണ്ട് ഈ ലക്ഷ്യം കൈവരിക്കുന്നതിൽ വലിയ പുരോഗതി കൈവരിക്കാൻ എം.എ.യു.കെ.യ്ക്ക് സാധിച്ചു എന്നു പ്രസ്താവിക്കുന്നത് ചാരിതാർത്ഥ്യജനകമാണ്. നമ്മുടെ പരമ്പരാഗത സാംസ്കാരിക മൂല്യങ്ങൾ നിലനിർത്തിക്കൊണ്ട് തന്നെ, ആഗോളമായി പുതിയ വായനക്കാരിലേക്ക് എത്തി ആധുനിക സമൂഹത്തിന്റെ ആവശ്യകതകൾ നിറവേറ്റുന്നതിനുള്ള അവസരം ഈ ഇ-ന്യൂസ്ലെറ്റർ തുറന്നുതന്നിരിക്കയാണ്.

**ആലാപനം - സംഗീത നിശ**

കേരളാ ഹൗസിൽ ആദ്യമായി, സുപ്രസിദ്ധ പിന്നണി ഗായകനും ഏഷ്യാനെറ്റിലെ പ്രോഗ്രാമായ ''മൈലാഞ്ചി''യിലെ വിധികർത്താവുമായ ശ്രീ. കണ്ണൂർ ഷെരീഫ് അവതരിപ്പിച്ച ഒരു തത്സമയ സംഗീത പരിപാടി എം.എ.യു.കെ. നടത്തുകയുണ്ടായി. ഈ പരിപാടി 'നിരസരി', 'കട്ടൻകാപ്പിയും കവിതയും' എന്നിവ സംയുക്തമായാണ് സംഘടിപ്പിച്ചത്.

ജനുവരി 25 ശനിയാഴ്ച്ച, നടത്തിയ സംഗീത സായാഹ്നത്തിൽ 60കളിലെയും 70കളിലെയും മലയാള ചലച്ചിത്രങ്ങളിലെ ഗാനങ്ങൾ കോർത്തിണക്കിയുള്ള ഒരു ഇന്ററാക്ടീവ് സെഷൻ സദസ്യർ നന്നായി ആസ്വദിക്കുകയും, തനിക്ക് എല്ലാത്തരം ചലച്ചിത്രഗാനങ്ങളിലും പ്രാവീണ്യമുണ്ടെന്ന് അദ്ദേഹം തെളിയിക്കുകയും ചെയ്തു. ഈ സവിശേഷ പരിപാടി പുതുവർഷത്തിന്റെ തുടക്കത്തിൽ കാണികൾക്ക് നല്ല വിരുന്നൊരുക്കി.

**ചെണ്ടമേളം**

എം.എ.യു.കെ.യിൽ നിന്നുള്ള ചെണ്ട കലാകാരന്മാരും കലാകാരികളും യുണൈറ്റഡ് കിംഗ്ഡത്തിന്റെ വിവിധ ഭാഗങ്ങളിൽ തങ്ങളുടെ പ്രകടനം കാഴ്ച്ചവച്ചിട്ടുണ്ട്. എന്നിരുന്നാലും, ട്രഫൽഗാർ ചത്വരത്തിൽ പ്രകടനം നടത്താൻ ടീമിന് ഒരു മഹനീയ സന്ദർഭം ലഭിച്ച 2015 തന്നെയാണ് പ്രകടനത്തിന്റെ കാര്യത്തിൽ ഏറ്റവും മികച്ച വർഷമായിരുന്നത്. എം.എ.യു.കെ.യിലും യു.കെ.യിലെ സംഗീതയിലും നിന്നുള്ള 50 കലാകാരന്മാരും കലാകാരികളും അടങ്ങിയ ഒരു സംഘം, ലണ്ടൻ മേയർ ഷോയിലെ ദീപാവലി ഉത്സവം ആഘോഷിക്കുന്ന 50,000 സന്ദർശകർക്ക് മുന്നിൽ പരമ്പരാഗത ശിങ്കാരി മേളം അവതരിപ്പിച്ചത് അഭിമാനാർഹമായ നിമിഷങ്ങൾ സമ്മാനിച്ചു.

ലണ്ടനിലെ ഗ്രോസ്വെനർ ഹൗസ് ഹോട്ടലിൽ ഇന്ത്യൻ ഹൈക്കമ്മിഷൻ സംഘടിപ്പിച്ച 65ാം റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഒരു ഭാഗമാകാനും എം.എ.യു.കെ. ചെണ്ട ടീമിന് സാധിച്ചത് മറ്റൊരു സവിശേഷ അവസരമായിരുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വ്യത്യസ്ത തുറകളിൽ പെട്ട ആയിരത്തിലേറെ ക്ഷണിക്കപ്പെട്ട അതിഥികളെക്കൊണ്ട് ബാൻക്വറ്റിംഗ് ഹാൾ നിറഞ്ഞുകവിഞ്ഞിരുന്നു. കഴിഞ്ഞ മൂന്ന് വർഷമായി

ലണ്ടൻ ശ്രീ മുരുകൻ ക്ഷേത്രത്തിലെയും മാനർ പാർക്കിലെ ശ്രീ ലക്ഷ്മി ക്ഷേത്രത്തിലെയും ഘോഷയാത്രകളെ സംഘം അനുഗമിച്ചുപോരുന്നു. നഗരവീഥികളിലൂടെ കടന്നുപോകുന്ന അഞ്ച് മണിക്കൂർ നീണ്ടുനിന്ന ശീവേലി ആയിരക്കണക്കിന് ആരാധകർ നല്ലവണ്ണം വരവേറ്റു. വിവിധ ക്രൈസ്തവ ദേവാലയങ്ങളിലെ വാർഷിക പെരുന്നാളാഘോഷങ്ങളിലും നമ്മുടെ പ്രകടനം അവതരിപ്പിക്കപ്പെടുന്നു. കലാകാരന്മാർക്ക് മറ്റൊരു വിജയകരമായ വർഷം കൈവരിക്കാൻ ഈ അവസരങ്ങൾ പ്രദാനം ചെയ്തതിന് അവയുടെ സംഘാടകരോട് നന്ദി പറയാൻ എം.എ.യു.കെ. ആഗ്രഹിക്കുന്നു.

**അന്തർദേശീയ വനിതാ ദിനം**

വ്യത്യസ്തതയാർന്ന വിവിധ പരിപാടികളോടെ മാർച്ച് 22ന് അന്തർദേശീയ വനിതാ ദിനം ആചരിച്ചു. സ്ത്രീകൾക്കായി മിസ്സ് ആന്ദ്രെയ പെദ്രോ നടത്തി ഹെഡ് മസ്സാജ്, ഷോൾഡർ മസ്സാജ്, ഫേഷ്യൽ, ത്രെഡിംഗ് എന്നിവയടങ്ങിയ പാംപറിംഗ് സെഷനോടെ അന്നേ ദിവസത്തെ പരിപാടികൾ രാവിലെ ആരംഭിച്ചു.

നമ്മുടെ സ്വന്തം 60+ സിസ്റ്റേഴ്സ് ക്ലബ്ബിലെ രണ്ട് മുതിർന്ന അംഗങ്ങളായ രാധാ അശോകനും റീത്താ ജോസഫും ചേർന്ന് വിളക്കിന് തിരികൊളുത്തി സാംസ്കാരിക പരിപാടികൾ ഉത്ഘാടനം ചെയ്തു. അന്തർദേശീയ വനിതാ ദിനത്തിന്റെ പ്രാധാന്യത്തെ കുറിച്ചും നമുക്കിന്ന് ലഭ്യമായിരിക്കുന്ന അവകാശങ്ങൾ നേടിയെടുക്കുന്നതിനായി സ്ത്രീകൾ എന്തിലൂടെയെല്ലാമാണ് കടന്നു പോയതെന്നും വിശദമാക്കിയ ഒരു ആമുഖ പ്രഭാഷണത്തോടെയുള്ള പരിപാടിയുടെ മുഖ്യ അവകാരകരിലൊരാൾ ശാലീൻ ശിവപ്രസാദ് ആയിരുന്നു.

ആദ്യ പ്രാസംഗികയായ, മെന്റൽ ഹെൽത്ത് അവെയർനെസ്സ് ടീമിനോടൊപ്പം പ്രവർത്തിക്കുന്ന മറിയ ഗബ്രിയേൽ മാനസിക വിഷാദത്തിന്റെ പ്രാരംഭ സൂചനകൾ തിരിച്ചറിയുന്നതിനെ കുറിച്ചും, അവർക്കും അവരുടെ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും പിന്തുണ നല്കാൻ നമുക്ക് എന്തു ചെയ്യാനാവുമെന്നും വിശദീകരിച്ചു. ചില സംസ്കാരങ്ങളും കുടുംബ മൂല്യങ്ങളും അവരെ മുന്നോട്ട് വരുന്നതിൽ നിന്നും സഹായം തേടുന്നതിൽ നിന്നും തടയുന്നു എന്ന വസ്തുത അവർ ഊന്നിപ്പറഞ്ഞു.

രണ്ടാമത് സംസാരിച്ച അഭിനവ് ബിജോയ്, അദ്ധ്യക്ഷയായി യു.എന്നിനു വേണ്ടി പ്രസംഗിക്കാൻ തെരഞ്ഞെടുക്കപ്പെട്ട മികച്ച കഴിവുകളുള്ള ഒരു പതിനഞ്ചുകാരനായിരുന്നു. തന്റെ ജീവിതത്തിൽ സ്ത്രീകൾ, അതായത് തന്റെ മാതാവ്, അമ്മായി, അദ്ധ്യാപിക എന്നിവർ എങ്ങനെയാണ് മാറ്റം വരുത്തിയത് എന്നതിനെ അധികരിച്ചാണ് അഭിനവ് പ്രസംഗിച്ചത്. അവസാനം സംസാരിച്ച, ബാർട്സ്, ലണ്ടൻ ഹോസ്പിറ്റൽ എന്നിവയ്ക്ക് വേണ്ടി പ്രവർത്തിക്കുന്ന സീനീയർ സ്പെഷ്യലിസ്റ്റ് ബയോമെഡിക്കൽ സയന്റിസ്റ്റ് ശ്രീമതി ജീജാ ശ്രീലാൽ സെർവിക്കൽ സ്ക്രീനിംഗിന്റെ പ്രാധാന്യം വിശദമാക്കി. സെർവികൽ ക്യാൻസർ യു.കെ.യിൽ സ്ത്രീകൾക്കിടയിൽ കാണപ്പെടുന്ന ക്യാൻസറുകളിൽ 11ാമത്തെ ഏറ്റവും സാധാരണമായ ക്യാൻസറാണെന്നു ചൂണ്ടിക്കാട്ടിയ അവർ രോഗത്തിന്റെ വിവിധ ഘട്ടങ്ങളും, അപകടസാദ്ധ്യതാ ഘടകങ്ങളും, എത്ര ഇടവേളകളിലാണ് പരിശോധന നടത്തേണ്ടതെന്നും വിശദീകരിച്ചു. മെട്രോപൊളീറ്റൻ പൊലീസിൽ നിന്നുള്ള ഭവാനി ബാലകൃഷ്ണൻ ഏഷ്യൻ സമൂഹത്തിൽ പെട്ട കുടുംബങ്ങൾക്കും പൊലീസിനും ഇടയിൽ മദ്ധ്യസ്ഥത വഹിക്കുന്ന തന്റെ ജോലിയെ കുറിച്ച് ഒരു ലഘു പ്രഭാഷണം നടത്തി.

സിനിമാറ്റിക് മുതൽ ക്ലാസ്സിക്കൽ വരെയുള്ള വൈവിദ്ധ്യമാർന്ന നൃത്തരൂപങ്ങൾ പരിപാടിയിൽ അവതരിപ്പിക്കപ്പെട്ടു. എല്ലാ നർത്തകരും തങ്ങളുടെ മികവുറ്റ പ്രകടനത്തിന് അഭിനന്ദനങ്ങൾ ഏറ്റവാങ്ങി. 60+ സഹോദരിമാർ അവതരിപ്പിച്ച ‘‘സ്ത്രീജന്മം പുണ്യജന്മം’’ എന്ന ലഘുനാടകം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പല സ്ത്രീകളും ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളുടെ പ്രതിഫലമായി മാറി. സ്ത്രീയെ അവളുടെ വസ്ത്രധാരണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്തരുത് എന്ന വസ്തുതയിലേക്ക് അത് വിരൽചൂണ്ടി. എല്ലാ സ്ത്രീകളോടും അവരുടെ പദവി, ജാതി അല്ലെങ്കിൽ മതം എന്തുതന്നെയായാലും മാന്യതയോടെ പെരുമാറേണ്ടത് ആവശ്യമാണ്. തയ്ക്വോണ്ടോ വനിതാ സംഘത്തിന്റെ വകയായി ആയോധനകലാ പ്രകടനവും നടത്തപ്പെട്ടു. ആക്രമണമേൽക്കാൻ സാദ്ധ്യതയുള്ള സ്ക്രീകൾക്ക് സ്വയം-പ്രതിരോധത്തിന്റെ പ്രാധാന്യം, കാണികളായെത്തിയ സ്ത്രീകൾക്ക് ഈ പ്രകടനം ബോധ്യമാക്കിക്കൊടുത്തു. ഗാനാലാപനം, പദ്യപാരായണം, കീബോർഡ് എന്നിവയും വേദിയിൽ അവതരിപ്പിക്കപ്പെട്ട വിവിധ പരിപാടികളിൽ ഉൾപ്പെടുന്നു.

ലഘുഭക്ഷണത്തിനു ശേഷം, നറുക്കെടുപ്പ് ശ്രീമതി രാജേശ്വരി സദാശിവൻ രേഖപ്പെടുത്തിയ കൃതജ്ഞത എന്നിവയോടെ പരിപാടി സമാപിച്ചു. ഈ പരിപാടി ഒരു വൻവിജയമാക്കുന്നതിനു വേണ്ട പിന്തുണ നല്കിയ ഓരോരുത്തരോടും ഞങ്ങൾക്കുള്ള നന്ദി അറിയിക്കുന്നു.

**നിസരി-എം.എ.യു.കെ.യുടെ ഓർക്കെസ്ട്ര**

എം.എ.യു.കെ.യുടെ ഓർക്കെസ്ട്രയായ ‘നിസരി’ 2014ൽ റീലോഞ്ച് ചെയ്തതിനു ശേഷം യു.കെ.യിൽ എട്ട് വേദികളിൽ പ്രകടനം നടത്തുകയുണ്ടായി. പിന്നണി ഗായകരായ കണ്ണൂർ ഷെറിഫ്, ബിജു നാരായണൻ എന്നിവർക്ക് ട്രൂപ്പ് പിന്തുണ നല്കി. യു.കെ.യിലെ പ്രാദേശിക സംഘടനകൾക്കും മറ്റ് സംഘടനകൾക്കും വേണ്ടി അവർ സംഗീത നിശ അവതരിപ്പിച്ചിട്ടുണ്ട്. സമൂഹത്തിനുള്ളിൽ ഗ്രൂപ്പ് ഏറ്റെടുത്തിട്ടുള്ള യത്നങ്ങൾക്ക് എം.എ.യു.കെ. അതിന്റെ പിന്തുണ നല്കിവരുന്നു.

**പൂൾ മത്സരം**

ഏപ്രിൽ 12 ശനിയാഴ്ച്ച രാവിലെ 11:30ന് റൈസിംഗ് സൺ-ൽ ( ഷ്രൂസ്ബറി റോഡിന്റെയും റോംഫഡ് റോഡിന്റെയും c/o) നടന്ന പൂൾ മത്സരം നല്ല പങ്കാളിത്തത്തോടെ ഭംഗിയായി നടന്നു. അവിടം കരോകെ, ബി.ബി.ക്യൂ., കുഞ്ഞുങ്ങൾക്കുള്ള ബൗൺസി കാസിൽ, ലൈവ് ദോശാ സ്റ്റേഷൻ എന്നിങ്ങനെയുള്ള മറ്റ് വിനോദപരിപാടികൾക്കും വേദിയായി.

സിംഗിൾസ് വിഭാഗത്തിൽ അജി വേലു ജേതാവാകുകയും മോഹൻ ശ്രീധരൻ രണ്ടാം സ്ഥാനം നേടുകയും ചെയ്തു. ഡബിൾസ് മത്സരത്തിൽ, പുഷ്കാസ് വാസുവും രാജി ഗംഗാധരനും ഒന്നാം സമ്മാനം പങ്കിടുകയും ശ്രീജിത് ശ്രീധരനും ജെസ്ലിൻ ഷിമ്മി ആന്റണിയും റണ്ണേഴ്സ് അപ്പ് ആവുകയും ചെയ്തു. സമ്മാനദാനം ഓണാഘോഷ പരിപാടികൾക്കിടയിൽ നടത്തുകയുണ്ടായി. പങ്കെടുത്ത എല്ലാവർക്കും, ഈ പരിപാടി സംഘടിപ്പിക്കുകയും ഒരു വിജയമാക്കിത്തീർക്കുകയും ചെയ്ത ഡയറക്ടർമാർക്കും, വോളന്റിയർമാർക്കും നന്ദി രേഖപ്പെടുത്താൻ എം.എ.യു.കെ. താല്പര്യപ്പെടുന്നു.

**കേരളാ കാർണിവൽ 2015 – പ്രാദേശിക പങ്കാളിത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നു**

എം.എ.യു.കെ.യും കേരളാ കാത്തലിക് അസോസിയേഷൻ ഓഫ് ദി യു.കെ. (കെ.സി.എ.)യും ചേർന്ന് സംഘടിപ്പിക്കുന്ന കേരളാ കാർണിവൽ എന്ന് വിളിക്കുന്ന ഫാമിലി ഫൺ ഡേ 2015ലും തുടർന്നു. ആ ദിവസം നടന്ന വിവിധ പരിപാടികൾ 350ലേറെ ആളുകൾ ആസ്വദിച്ചു. പരിപാടി ലണ്ടൻ ബറോ ഓഫ് ന്യൂഹാമിന്റെ പിന്തുണയോടെ ന്യൂഹാമിന്റെ രൂപീകരണത്തിന്റെ 50ാം വാർഷികാഘോഷവും പങ്കുവച്ചു. കീബോർഡിൽ നാഷണൽ ട്രിബ്യൂട്ട് ഗാനം ആലപിച്ചുകൊണ്ടാണ് പരിപാടി ആരംഭിച്ചത്.

പ്രാദേശിക എം.പി.യായ സ്റ്റീഫൻ ടിംസ്, ന്യൂഹാമിന്റെ അമ്പത് വർഷത്തെ കുറിച്ച് ഒരു ലഘു പ്രസംഗം നടത്തിക്കൊണ്ട് പരിപാടിയെ സ്വാഗതം ചെയ്തു. മറ്റ് ന്യൂഹാം കൗൺസിൽ അംഗങ്ങളും അവരുടെ സാന്നിദ്ധ്യത്താൽ തങ്ങളുടെ പിന്തുണ പ്രകടിപ്പിച്ചു. നായർ സർവീസ് സൊസൈറ്റി, എൻ.എസ്.എസ്. യു.കെ. നടത്തിയ പ്രസംഗവും ശ്രോതാക്കൾ സ്വാഗതം ചെയ്തു. ഫ്രണ്ട്സ് ഓഫ് ലണ്ടൻ നടത്തിയ ബാർബെക് സ്റ്റോൾ വന്നെത്തിയവർക്ക് വിതരണം ചെയ്ത ഗ്രിൽഡ് ഭക്ഷണങ്ങളുടെ ആരോഗ്യകരമായ വൈവിദ്ധ്യം ആകർഷണീയമായി. രണ്ട് സംഘടനകളുടെയും ഭക്ഷണ സ്റ്റാളും സ്പെഷ്യൽ പുട്ടുകട കോർണറും രുചികരമായ വിഭവങ്ങളൊരുക്കി. ആയോധന കലകൾ, യോഗാ സെഷൻ, വടംവലി, സിനിമാറ്റിക് ഡാൻസ് എന്നിവയുടെ കാണികളുടെ കൈയ്യടി നേടി. ഏഞ്ചൽ വോയിസിൽ നിന്നുള്ള ഗായകരുടെ മന്ദതാളത്തിലുള്ളതും ദ്രുതതാളത്തിലുള്ളതുമായ ഗാനങ്ങൾ നല്ല ആസ്വാദ്യത നേടി.

ഇരു സംഘടനകളിൽ നിന്നുമുള്ള ഡയറക്ടർമാരും വോളന്റിയർമാരും പരിപാടി മറ്റൊരു വിജയമാക്കുന്നതിനായി തങ്ങളുടെ മികച്ച പ്രയത്നമാണ് വിനിയോഗിച്ചത്. ഈ പരിപാടി പ്രാദേശിക മലയാളി സമൂഹത്തെ ഒരുമിച്ചുകൊണ്ടുവന്ന് സമൂഹത്തിന് ഒത്തൊരുമയും പങ്കാളിത്തവും എന്ന ദൗത്യം നിറവേറ്റുന്നതിൽ എം.എ.യു.കെ.യെ ഒരിക്കൽ കൂടി പ്രാപ്തമാക്കി.

**ഫണ്ടിംഗും സ്പോൺസർമാരും**

വരുമാന ശേഖരണത്തിനുള്ള നമ്മുടെ രണ്ട് പ്രധാന മാർഗ്ഗങ്ങൾ അംഗത്വവും സ്പോൺസർഷിപ്പുമാണ്. എന്നിരുന്നാലും സമൂഹത്തിനായി കുടുതൽ കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്ന എം.എ.യു.കെ.യുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഞങ്ങൾ വരുമാനസമ്പാദനത്തിനായി മറ്റ് മാർഗ്ഗങ്ങളും തേടുന്നുണ്ട്. ഇതിൽ ഒരുമാർഗ്ഗം സ്പോൺസർഷിപ്പിലൂടെയാണ്. ഞങ്ങളുടെ പ്രധാന സ്പോൺസർ, കേരളാ ഹൗസ് നവീകരണ പ്രോജക്ടിനായി അകമഴിഞ്ഞു പിന്തുണ നല്കിയ യു.എ.ഇ. എക്സ്ചേഞ്ചും ബാർക്ലേസുമാണ്.

□

□ഓരോ മാസവും തങ്ങളുടെ പ്രിയപ്പെട്ടവരുടെ സ്മരണാർത്ഥം £250 വീതം സ്പോൺസർ ചെയ്ത് എൽഡേഴ്സ് ഡേ സെന്ററിനെ പിന്തുണച്ച എല്ലാ അഭ്യുദയകാംക്ഷികൾക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു. ഇത് എം.എ.യു.കെ.യുടെ മുന്നണി സേവനം മറ്റൊരു വർഷത്തിലും പ്രവർത്തിപ്പിച്ച് നിലനിർത്താൻ ഉപയോക്താക്കളിൽ നിന്നുള്ള ഒരു വമ്പൻ പിന്തുണയായിരുന്നു. 60–പ്ലസ് സിസ്റ്റേഴ്സ് ക്ലബ്ബ്, വാർഷികാഘോഷ പരിപാടികൾ, ഫ്രൈഡ് ക്ലബ്ബ് മുതലായ വിവിധ പ്രവർത്തനങ്ങൾക്കുള്ള

ധനശേഖരണത്തിൽ സഹായിച്ച ബാർക്ലേസിന് മറ്റൊരു വലിയ ഹാൻഡ്ഷേക്ക് നല്കുന്നു. പൂൾ കോംപറ്റീഷൻ പോലെയുള്ള പരിപാടികൾക്ക് റോയൽ മെയിലിൽ ജോലി ചെയ്യുന്ന അംഗങ്ങളുടെ സഹായത്താൽ റോയൽ മെയിൽ മാച്ച് ഫണ്ടിംഗും പിന്തുണ നല്കിയിരുന്നു. ഞങ്ങളുടെ എല്ലാ പരിപാടികൾക്കും സേവനങ്ങൾക്കും അവർ നല്കിയ പിന്തുണയ്ക്ക് എല്ലാ സ്പോൺസർമാരോടും എം.എ.യു.കെ. കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

**ജി.സി.എസ്.ഇ. ആന്റ് വോളന്റീയർ ഓഫ് ദി ഇയർ അവാർഡ്**

ജി.സി.എസ്.ഇ. 2015ൽ അത്യുന്നത നേട്ടങ്ങൾ കൈവരിക്കുന്ന മലയാളി ചെറുപ്പക്കാർക്കുള്ള എം.എ.യു.കെ.യുടെ വിദ്യാഭ്യാസ അവാർഡുകൾ ഓണം ആഘോഷങ്ങൾക്കിടയിൽ വിതരണം ചെയ്തു. ഞങ്ങൾ കർശനമായ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പാലിക്കുകയും, മത്സരാർത്ഥികൾ സമർപ്പിക്കുന്ന രേഖകളുടെ സൂക്ഷ്മവും കർശനവുമായ പരിശോധനയ്ക്കു ശേഷം മാത്രം വിജയികളെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. വിജയികൾക്കുള്ള സമ്മാനങ്ങൾ ഓണോഘോഷ പരിപാടികൾക്കിടയിൽ കേരളത്തിലെ ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റലിൽ നിന്നുള്ള ഹൃദ്രോഗവിദഗ്ദ്ധൻ ഡോ. സജീഷ് വിതരണം ചെയ്തു.

**<u>ജി.സി.എസ്.ഇ. അവാർഡുകൾ</u>**

(1) എം.എ.യു.കെ. എഡ്യുക്കേഷണൽ അവാർഡ് 2015 - 1-ാം സമ്മാനം - നന്ദിതാ ഷാജി

(2) എം.എ.യു.കെ. എഡ്യുക്കേഷണൽ അവാർഡ് 2015 - 2-ാം സമ്മാനം - അഞ്ജനാ സ്വയം കുമാർ

ലഞ്ച് ക്ലബ്ബ്, 60+ സിസ്റ്റേഴ്സ് ക്ലബ്ബ് എന്നിങ്ങനെയുള്ള എം.എ.യു.കെ.യുടെ വിവിധ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ 15 വർഷങ്ങളായി നല്കിവരുന്ന മഹനീയ പിന്തുണയ്ക്ക് ശ്രുതി രവിയ്ക്ക് വോളന്റീയർ ഓഫ് ദി ഇയർ അവാർഡ് സമ്മാനിച്ചു. ശ്രുതി ചെണ്ട സംഘത്തിന്റെയും ഒരു ഭാഗമാണ്. തങ്ങളുടെ സ്തുത്യർഹമായ നേട്ടങ്ങളുടെ പേരിൽ ഈ ചെറുപ്പക്കാരെ ഞങ്ങൾ അഭിനന്ദിക്കുന്നു.

കട്ടൻ കാപ്പിയും കവിതയും (കെ.കെ.കെ.)

എം.എ.യു.കെ.യുടെ സാഹിത്യ ഗ്രൂപ്പ് സംഗീത ഓഫ് ദി യു.കെ., ശ്രീ നാരായണ മിഷൻ ഓഫ് ദി യു.കെ. തുടങ്ങിയ മറ്റ് സംഘടനകളുടെ സഹകരണത്തോടെ വിവിധ സ്ഥലങ്ങളിൽ വച്ച് 11 പരിപാടികൾ സംഘടിപ്പിച്ചു. വിശിഷ്ടവ്യക്തികളായ പ്രമുഖ എഴുത്തുകാർ, കവികൾ, തത്വജ്ഞാനികൾ എന്നിർ തങ്ങളുടെ വീക്ഷണങ്ങളും അനുഭവസമ്പത്തുകളും പങ്കുവയ്ക്കുന്നതിനായി ഒത്തുകൂടി. കെ.കെ.കെ. അന്തർദേശീയ ചിത്രരചനാ പരിപാടിയായ 'ദ ബിഗ് ഡ്രോ 2015'ൽ പങ്കെടുക്കുകയും, സ്റ്റീവനേജിലെ ഒരെണ്ണം ഉൾപ്പെടെ വിവിധ സ്ഥലങ്ങളിലായി മൂന്ന് ഗ്രൂപ്പ് ഡ്രോയിംഗ് ഈവന്റുകൾ സംഘടിപ്പിക്കുകയും ചെയ്തു. പ്രവാസി മലയാളികൾക്കായി ഗ്രൂപ്പ് ഒരു അന്തർദേശീയ കവിതാ മത്സരം സംഘടിപ്പിക്കുകയും അതിൽ ക്രോയ്ഡണിൽ നിന്നുള്ള മുഹമ്മദ് ഹാഷിം ഏറ്റവും മികച്ച കവിയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

**2015ൽ സംഘടിപ്പിച്ച പരിപാടികൾ**

- 25 ജനുവരി 2015: *കണ്ണൂർ ഷെറിഫുമൊത്ത് ഒരു സായാഹ്നം – എം.എ.യു.കെ.യുടെ നിസരിയുമായി ചേർന്ന്*

- 14 മാർച്ച് 2015: *അഭിപ്രായ സ്വാതന്ത്ര്യത്തെ കുറിച്ച് ചർച്ച. സംവിധായകൻ ജയൻ കെ ചെറിയാൻ യു.എസ്.എ.യിൽ നിന്ന് സ്കൈപിലൂടെ ചർച്ചയിൽ പങ്കെടുത്തു.*

- ഏപ്രിൽ 2015: *പ്രവാസി മലയാളികൾക്കായി അന്തർദേശീയ കവിതാ മത്സരം*

- 21 ജൂൺ 2015: *കാവാലം നാരായണ പണിക്കർ (നാടകകൃത്ത്, നാടകസംവിധായകൻ, കവി), ജയപ്രഭ മേനോൻ (മോഹിനിയാട്ടം നർത്തകി) എന്നിവരുമൊത്തുള്ള സായാഹ്നം – സംഗീത ഓഫ് ദി യു.കെ.യുമായി ചേർന്ന് സംഘടിപ്പിച്ചത്*

- 24 ഓഗസ്റ്റ് 2015: *പുസ്തക അവലോകനം – അനിയൻ കുന്നത്ത് എഴുതിയ 'വെയിൽ പൂക്കുന്ന മഴ മേഘങ്ങൾ'.*

- 04 ഒക്ടോബർ 2015: *കഥ 2015 & "ദ ബിഗ് ഡ്രോ" യ്ക്ക് ആമുഖം*

- 10 ഒക്ടോബർ 2015: *60+ സിസ്റ്റേഴ്സ് ക്ലബ്ബ്, എം.എ.യു.കെയ്ക്ക് വേണ്ടി ഗ്രൂപ്പ് പെയിന്റിംഗ് ഈവന്റ്*

- 08 നവംബർ 2015: *സ്റ്റീവനേജിൽ 'കളറിംഗ് പോയട്രി' എന്ന ഗ്രൂപ്പ് പെയിന്റിംഗ് ഈവന്റ്*

- 08 നവംബർ 2015: *നടനം ചലച്ചിത്ര സംവിധായകനുമായ ഡോ. ബാലശങ്കർ മന്നത്തുമായി ഇന്ററാക്ടീവ് സെഷൻ*

- 20 നവംബർ 2015: *സാഹിത്യകാരനും കേരളാ പബ്ലിക് സർവീസ് കമ്മിഷൻ അംഗവുമായ അശോകൻ ചരുവിലുമായുള്ള ചർച്ച, എസ്.എൻ.ജി.എം. ഓഫ് ദി യു.കെ.യുടെ സഹകരണത്തോടെ സംഘടിപ്പിച്ചത്*

- 18 ഡിസംബർ 2015: *കേരള സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം ഡോ. രവി രാമനുമായുള്ള ചർച്ച*

കട്ടൻകാപ്പിയും കവിതയും ഈ വേദികളിലൂടെ മലയാള സാഹിത്യം മുതൽ സാമൂഹിക രാഷ്ട്രീയ പാരിസ്ഥിതിക വിഷയങ്ങൾ വരെയുള്ള വൈവിദ്ധ്യമാർന്ന വിഷയങ്ങൾ തുറന്നു ചർച്ചചെയ്യുന്നതിനുള്ള വിലയേറിയ ചർച്ചകൾ ശ്രോതാക്കൾക്ക് സമ്മാനിച്ചു. ഞങ്ങളുടെ ചില പരിപാടികളുടെ വിജയകരമായ നടത്തിപ്പിന് പിന്തുണ നല്കിയ കല, കൗമുദി യൂറോപ്പ്, ലണ്ടൻ

സാഹിത്യവേദി തുടങ്ങിയ സംഘടനകളെ എം.എ.യു.കെ. നന്ദിപൂർവ്വം സ്മരിക്കുന്നു. എം.എ.യു.കെ.യിൽ നിന്നുള്ള നിരന്തര പിന്തുണയുടെയും വോളന്റിയർമാരുടെ സമർപ്പണത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ഫലമായി നൂതനവും അർത്ഥവത്തുമായ പരിപാടികളാൽ 2015 കെ.കെ.കെ.യ്ക്ക് വളരെ ചലനാത്മകമായ ഒരു വർഷമായിരുന്നു.

**എൽഡേഴ്സ് ലഞ്ച് ക്ലബ്ബും ഡേ സെന്ററും**

കൗൺസിൽ അല്ലെങ്കിൽ കൺസോർഷ്യം ബോഡിയിൽ നിന്നുള്ള ഫണ്ടിംഗ് ഇല്ലാതിരുന്നിട്ടും എൽഡേഴ്സ് ഡേ സെന്റർ കഴിഞ്ഞ വർഷം പരിപാലിക്കപ്പെട്ടിരുന്നു. പ്രധാനമായും സഹായം ലഭിച്ചത് അഭ്യുദയകാംക്ഷികളിൽ നിന്നും എൽഡേഴ്സ് ഡേ സെന്ററിന്റെ ഉപയോക്താക്കളിൽ നിന്നുമാണ്. പ്രിയപ്പെട്ടവരുടെ സ്മരണാർത്ഥം മാസം തോറും ലഭിക്കുന്ന സംഭാവന വർഷത്തിലുടനീളം സുസ്ഥിരമായ പ്രവർത്തനത്തിന് സഹായരമായി. ഒറ്റയ്ക്കോ കൂട്ടായോ നടത്തുന്ന £250 വീതമുള്ള ഈ പ്രതിമാസ സ്പോൺസർഷിപ്പ് പ്രതിവാര സേവനത്തിന് വളരെയധികം സഹായകരമായിരുന്നു. സംഭാവന നല്കിയവരോട് എം.എ.യു.കെ.യ്ക്ക് അകൈതവമായ കടപ്പാടുണ്ട്. അധികമായുള്ള ചെലവുകൾ പ്രവർത്തനങ്ങൾക്കും ഭക്ഷണത്തിനും ഉപയോക്താക്കളിൽ നിന്ന് ഈടാക്കുന്ന എൻട്രൻസ് ഫീസിൽ നിന്നുമുള്ള വരുമാനത്തിൽ നിന്നാണ് കണ്ടെത്തുന്നത്. അപര്യാപ്ത സബ്സിഡൈസ് ചെയ്യുന്നതിനുള്ള ഫണ്ടിൽ നിന്നും എം.എ.യു.കെ. സഹായിക്കുന്നുണ്ട്.

എൽഡേഴ്സ് ഡേ സെന്റർ കേരളാ ഹൗസിൽ വ്യാഴാഴ്ച്ചകളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 4 വരെയാണ് നടക്കുന്നത്. ലഘു വ്യായാമങ്ങൾ, ആർട്ട് & ക്രാഫ്റ്റ് പ്രവർത്തനങ്ങൾ, തുന്നൽ, സംഗീതം മുതലായവ ദിവസം വ്യാപൃതമാക്കുന്നതിനുള്ള ഇനങ്ങളിൽ ചിലത് മാത്രമാണ്. ആരോഗ്യരംഗത്തെ വിദഗ്ദ്ധരുടെയും ഉപദേശകരുടെയും ക്രമമായ അവതരണങ്ങൾ, വിശേഷിച്ചും പ്രമേഹത്തെയും ഡിമെൻഷ്യയെയും കുറിച്ചുള്ളവ, പ്രായമായവരെ സംബന്ധിച്ചിടത്തോളം പ്രസക്തമായ വിവിധ വിഷയങ്ങളെ കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിൽ സഹായിച്ചു. ഇംഗ്ലീഷ് ഭാഷ മനസ്സിലാക്കാൻ പ്രയാസമുള്ളവർക്കായി ദ്വിഭാഷികളുടെ സേവനം ലഭ്യമാക്കിവരുന്നു. മറ്റ് പ്രാദേശിക പരിപാടികളെയും പ്രവൃത്തികളെയും കുറിച്ചുള്ള വിവരം ഡേ സെന്റർ പ്രദാനം ചെയ്യുന്നു. പ്രായമായവർ നന്നായി ആസ്വദിച്ച വിവിധ സ്ഥലങ്ങളിലേക്കുള്ള ഏക-ദിന യാത്രകളും സംഘടിപ്പിച്ചിരുന്നു.

ക്ലബ്ബിലുള്ള റീജിയണൽ സാറ്റലൈറ്റ് ചാനൽ ഉപയോക്താക്കൾക്ക്, വിശേഷിച്ചും പ്രായമായ സ്ത്രീകൾക്ക്, മലയാളം സീരിയലുകളും മറ്റ് പരിപാടികളും കാണുന്നതിനുള്ള വേദിയൊരുക്കുകയും ഇത് പ്രായമായവർക്ക് ഒത്തുചേരുന്നതിന് നല്ല അവസരമൊരുക്കുകയും ചെയ്യുന്നു. പ്രായമായ പുരുഷന്മാരുടെ ശീട്ടുകളി മനസ്സിനെ ഉത്തേജിപ്പിക്കുകയും അവരുടെ പ്രായത്തിൽ അവർക്ക് കൂടുതൽ ആത്മവിശ്വാസം നല്കുകയും ചെയ്യുന്ന വ്യായാമം കൂടിയാണ്.

എൽഡേഴ്സ് ഡേ സെന്റർ എം.എ.യു.കെ.യുടെ ഏറ്റവും ജനപ്രിയമായ സേവനങ്ങളിലൊന്നാണ് എന്നുള്ളതിനാൽ അത് നിലനിർത്താനുള്ള ശ്രമം സംഘടന എപ്പോഴും തുടരുന്നതാണ്. കഴിഞ്ഞ വർഷം ഏകദേശം 1000 ന്യൂട്രീഷണൽ മീൽസാണ് പ്രായമായവർക്ക് നല്കിയത്. ഈ സേവനം

ക്രമമായ ഒരു പ്രതിവാര പ്രവർത്തനമായി നിലനിർത്താൻ സഹായിച്ച സംഭാവന നല്കിയവരും, വോളന്റീയർമാരും. ഉപയോക്താക്കളുമായ എല്ലാവരോടും എം.എ.യു.കെ.യുടെ കൃതജ്ഞത അറിയിക്കുന്നു.

60+ സിസ്റ്റേഴ്സ് ക്ലബ്ബ്

2006 മുതൽ ക്ലബ്ബ് പ്രവർത്തിക്കുകയും പ്രതിവാര അടിസ്ഥാനത്തിൽ ഏകദേശം 25 അംഗങ്ങൾക്ക് സേവനം നല്കിവരികയും ചെയ്യുന്നു. ഈ സേവനം നമ്മുടെ സമൂഹത്തിലെ സഹായം അനിവാര്യമായ അംഗങ്ങൾക്ക് അത്യാവശ്യമായിരിക്കുന്നതും ഉയർന്ന നിലവാരത്തിലുള്ളതുമായ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിൽ വോളന്റീയർമാർക്ക് നിർണായകമായ പങ്ക് എങ്ങനെ വഹിക്കാനാവും എന്നുള്ളതിനുള്ള ഒരു ഉദാഹരണമാണ്. എം.എ.യു.കെ.യുടെ ഭാഗത്ത് നിന്നുള്ള ഈ സേവനത്തിന്റെ ഫലമായി, പ്രായമായ സ്ത്രീകൾക്ക് മറ്റുള്ളവരുമായി സ്വതന്ത്രമായി സംസാരിക്കാനും, പാടാനും, നൃത്തം ചെയ്യാനും, തങ്ങളുടെ സ്വന്തം വിനോദപരിപാടികൾ സംഘടിപ്പിക്കാനും, ലഘുവ്യായാമങ്ങൾ ചെയ്യാനും, എല്ലാറ്റിനും ഉപരിയായി അവർക്ക് പരസ്പരം പിന്താങ്ങലാവുന്ന ശക്തമായ ഒരു നെറ്റ്‌വർക്ക് രൂപപ്പെടുത്താനും സാധിക്കുന്നു.

അംഗങ്ങൾ ലണ്ടൻ നഗരത്തിലെ വിവിധ ഭാഗങ്ങിലേക്കുള്ള ദിന ട്രിപ്പ് ആയി സ്ഥലങ്ങൾ സന്ദർശിക്കുകയും തങ്ങളുടെ വാർഷിക ദിനവം ക്രിസ്മസും ഗംഭീരമായ ആഘോഷിക്കുകയും ചെയ്തു. ഈ ഗ്രൂപ്പിൽ പങ്കെടുക്കുന്നവർ പൊതു ചടങ്ങുകളിൽ പരിപാടികൾ അവതരിപ്പിക്കുന്നതിനു പര്യാപ്തമായ ആത്മവിശ്വാസം നേടിയെടുത്തിട്ടുണ്ട്. ശക്തമായ വോളന്റീയർ പിന്തുണയുണ്ടെങ്കിൽ എന്തെല്ലാം കൈവരിക്കാനാവുമെന്ന് ഇത് കാട്ടിത്തരുന്നു. ഈ പ്രോജക്ടുകളുടെ നേട്ടങ്ങൾ ഉപയോക്താക്കളിലും അവരുടെ ജീവിതങ്ങളുടെ മെച്ചപ്പെട്ട ഗുണനിലവാരത്തിലും തീർച്ചയായും കാണാനാവും.

**എം.എ.യു.കെ. സ്കൂൾ ഫോർ മ്യൂസിക് ആന്റ് ഡാൻസ്.**

എം.എ.യു.കെ. സ്കൂൾസിനെ സംബന്ധിച്ചിടത്തോളമുള്ള സദ്‌വാർത്ത നമ്മുടെ സംഗീത, നൃത്ത ക്ലാസ്സുകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ക്രമമായി വർദ്ധിക്കുന്നു എന്നതാണ്. ഈ പുരോഗതിക്കുള്ള ഒരു കാരണം നല്ല വൈദഗ്ദ്ധ്യമുള്ള അദ്ധ്യാപകരുടെ ഭാഗത്തു നിന്നുള്ള ഗുണനിലവാരമുള്ള അഭ്യസന രീതിയാണ്. ട്രിനിറ്റി കോളജ് ഓഫ് മ്യൂസിക്, ഓറിയന്റൽ ഫൈൻ ആർട്സ് അക്കാഡമി ഓഫ് ലണ്ടൻ (ഒ.എഫ്.എ.എ.എൽ.), ഓറിയന്റൽ എക്സാമിനേഷൻ ബോർഡ് ലണ്ടൻ (ഒ.ഇ.ബി.എൽ.) എന്നിങ്ങനെയുള്ള ബാഹ്യ പരീക്ഷാ സ്ഥാപനങ്ങൾ നടത്തുന്ന സംഗീത, നൃത്ത പരീക്ഷകളിൽ പങ്കെടുക്കാൻ ആവശ്യമായ പരിശീലനം വിദ്യാർത്ഥികൾക്ക് നല്കിവരുന്നു.



**ഭരതനാട്യം**

ക്ലാസ്സുകൾ എല്ലാ ശനിയാഴ്ച്ചയും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 12 മണി വരെ മിസ്സ് സന്തോഷ് ജി നായരുടെ മേൽനോട്ടത്തിൽ നടന്നുവരുന്നു. വിദ്യാർത്ഥികൾ ഭരതനാട്യത്തിൽ നല്ല നിലവാരം കൈവരിച്ചു എന്നു മാത്രമല്ല ഒ.എഫ്.എ.എ.എൽ., ഒ.ഇ.ബി.എൽ. എന്നിവയിൽ നിന്ന് ഗ്രേഡ് നേടുകയും ചെയ്തു. വിദ്യാർത്ഥികൾ ഓണം 2015ൽ വിശാലമായ കാണികൾക്കു മുന്നിലും മറ്റ് സംഘടനകളിലും തങ്ങളുടെ പ്രകടനം കാഴ്ച്ചവച്ചു. നമുക്ക് വളരെ പോസിറ്റീവായ പ്രതികരണമാണ് ലഭിക്കുന്നത്. ഈ ക്ലാസ്സുകൾ സന്തോഷിന്റെ

പരിശീലനത്തിനു കീഴിൽ കൂടുതൽ പുരോഗതി പ്രാപിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**സിനിമാറ്റിക് ഡാൻസ്**

സിനിമാറ്റിക് ഡാൻസ് ക്ലാസ്സുകൾ പതിവ് പോലെ എല്ലാ ഞായറാഴ്ച്ചയും നടന്നുവരുന്നു. വിവിധ ഡാൻസ് ഷോകൾ സംഘടിപ്പിക്കുന്ന റൊഹോണി ദയാനന്ദ് ആണ് അത് നടത്തുന്നത്. വിദ്യാർത്ഥികൾ ഒരു വ്യായാമ മാർഗ്ഗമെന്ന നിലയിലും അവരുടെ ശേഷികൾ വികസിപ്പിക്കാനുള്ള അവസരമെന്ന നിലയിലും ഈ സെഷൻ ആസ്വദിക്കുന്നു. റൊഹോണിയോട് തന്റെ പ്രതിബദ്ധതയുടെ പേരിൽ നന്ദി പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

**കീബോർഡ് & ഗിറ്റാർ**

കീബോർഡ്, ഗിറ്റാർ ക്ലാസ്സുകളിൽ ചേരുന്നതിനുള്ള അപേക്ഷകരുടെ എണ്ണത്തിൽ ഈ വർഷം വർദ്ധനവുണ്ടായി 2015 വർഷം അവ പുരോഗതി പ്രാപിച്ചു. ക്ലാസ്സുകൾ പതിവു പോലെ ശനിയാഴ്ച്ചകളിൽ ഉച്ചതിരിഞ്ഞ് 3 മുതൽ 5 വരെയും, ഞായറാഴ്ച്ചകളിൽ ഉച്ചതിരിഞ്ഞ് 2.30 മുതൽ 6.30 വരെയുമാണ് നടക്കുന്നത്. ഈ സെഷനുകൾ ഫലത്തിൽ ഒരു വൺ ടു വൺ അടിസ്ഥാനത്തിലായതിനാൽ, നമുക്ക് 5 വയസ്സ് മുതൽ 60 വയസ്സ് വരെ പ്രായത്തിലുള്ള വിദ്യാർത്ഥികൾ ഇവയിൽ പരിശീലനം നേടുന്നു. പ്രശസ്ത സംഗീതജ്ഞനും സംഗീത സംവിധായകനുമായ ശ്രീ ആൽബർട്ട് വിജയനാണ് എം.എ.യു.കെ.യിലെ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നത്. അദ്ദേഹം യു.കെ.യിലും, ഇന്ത്യയിലും, മറ്റ് രാജ്യങ്ങളിലും മെഗാ ഷോകൾ അവതരിപ്പിച്ചിട്ടുണ്ട്. ഈ വർഷം അനവധി വിദ്യാർത്ഥികൾ കീബോർഡിലും ഗിറ്റാറിലുമുള്ള ഗ്രേഡിംഗ് പരീക്ഷകളിൽ പങ്കെടുക്കുന്നതിനായി തെരഞ്ഞെടുക്കപ്പെടുകയും എല്ലാവരും മികച്ച ഫലങ്ങളോടെ വിജയികളാവുകയും ചെയ്തു. വിദ്യാർത്ഥികളുടെ സംഗീത അഭിരുചികൾ വികസിപ്പിക്കുന്ന കാര്യത്തിൽ ശ്രീ. ആൽബർട്ട് വിജയനുള്ള പ്രതിബദ്ധതയുടെ പേരിൽ അദ്ദേഹത്തിന് ഞങ്ങൾ നന്ദി പറയുന്നു.

**തബലയും മൃദംഗവും**

തബല, മൃദംഗം ക്ലാസ്സുകൾ പുതിയ വിദ്യാർത്ഥികൾ എത്തിയതോടെ പുരോഗതി നേടിയിരിക്കുന്നു. ഈ വർഷത്തെ ക്ലാസ്സുകൾ മലയാളികല്ലാത്ത വിദ്യാർത്ഥികളെയും ആകർഷിക്കുകയും അത് ക്ലാസ്സുകളെ സംബന്ധിച്ചിടത്തോളം മറ്റൊരു ചുവടുവയ്പായി മാറുകയും ചെയ്തു. വിദ്യാർത്ഥികൾക്ക് അവരുടെ സൗകര്യമനുസരിച്ച് സായാഹ്നങ്ങളിലോ, ആഴ്ച്ചദിവസങ്ങളിലോ പങ്കെടുക്കാനുള്ള അവസരമുണ്ട്. ഹോം ട്യൂഷനുകളും പതിവായി ക്രമീകരിച്ചുവരുന്നു. വാരാന്ത്യ ക്ലാസ്സുകൾ ദിവസത്തിലുടനീളം ക്രമമായ ഇടവേളകളിൽ നടത്തിവരുന്നു. പ്രശസ്ത കൊട്ടുവാദ്യവിദഗ്ദ്ധനും ''നവധാര'' എന്ന പേരിൽ കേരളത്തിൽ പ്രശസ്തമായ ഓർകെസ്ട്രയിലെ പ്രധാന അംഗമായി പ്രവർത്തിച്ചിരുന്ന കലാകാരനുമായ ശ്രീ. വിനോദ്കുമാറിന്റെ ശിക്ഷണത്തിലാണ് ക്ലാസ്സുകൾ നടക്കുന്നത്. അദ്ദേഹം എം.എ.യു.കെ.യുടെ ഓർക്കെസ്ട്ര ട്രൂപ്പ് ആയ ''നിസരി''യുടെ പ്രധാന കലാകാരൻ കൂടിയാണ്. ഈ ക്ലാസ്സുകൾ നടത്തുന്നതിൽ അദ്ദേഹത്തിനുള്ള പ്രതിബദ്ധതയ്ക്കായ് അദ്ദേഹത്തോട് എം.എ.യു.കെ.യ്ക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

�

�ചെണ്ട

2011 മുതൽ, ചെണ്ട ക്ലാസ്സുകൾ പരമ്പരാഗത ദക്ഷിണേന്ത്യൻ കലാരൂപങ്ങളിൽ ഒന്നിന്റെ അഭ്യസനത്തിൽ ചുവടുവച്ചിരിക്കയാണ്. ചെണ്ട ക്ലാസ്സുകളുടെ അഭ്യസനത്തിലൂടെ, ക്ഷേത്രങ്ങൾ, ക്രൈസ്തവ ദേവാലയങ്ങൾ, ഇന്ത്യൻ ഹൈക്കമ്മീഷന്റെ സ്വാതന്ത്ര്യദിനാഘോഷം, ലണ്ടൻ മേയർ ദീപാവലി ആഘോഷത്തോടനുബന്ധിച്ച് ട്രഫൽഗർ ചത്വരത്തിൽ സംഘടിപ്പിച്ച വർണ്ണശഭളമായ പരിപാടി എന്നിവയുൾപ്പെടെ വിവിധ ശ്രേണികളിൽ യു.കെ.യുടെ എല്ലാ ഭാഗത്തും പ്രകടനം നടത്തുന്നതിനുള്ള ഭാഗ്യം എം.എ.യു.കെ.യുടെ വിദ്യാർത്ഥികൾക്ക് ലഭിച്ചു. ചെണ്ട സംഘത്തിന്റെ സവിശേഷതകളിലൊന്ന് കലാകാരിൽ ഭൂരിപക്ഷവും വനിതകളാണ് എന്നുള്ളതാണ്. ഇത്തരത്തിൽ ഇത് യൂറോപ്പിൽ ആദ്യമായാണ്. ഈ പാഠങ്ങളും ശ്രീ വിനോദ്കുമാറിന്റെ പരിശീലനത്തിനു കീഴിലാണ് നടക്കുന്നത്. ഈ പ്രകടനങ്ങളിലൂടെ എം.എ.യു.കെ.യുടെ പ്രശസ്തി വ്യാപിപ്പിച്ച എല്ലാ കലാകാരോടും ഞങ്ങൾ നന്ദി പറയുന്നു.

**വെബ്സൈറ്റും ഇ-ന്യൂസ്‌ലെറ്ററും**

www.mauk.org
സമൂഹത്തിനിടയിൽ പ്രചരണം നടത്തുന്നതിനുള്ള സുപ്രധാന മാധ്യമമായി എം.എ.യു.കെ. വെബ്സൈറ്റ്, സോഷ്യൽ മീഡിയ, ഇ-ന്യൂസ്‌ലെറ്റർ എന്നിവ ഉപയോഗിച്ചുവരുന്നു. വിവരങ്ങൾ ഗുണനിലവാരത്തിലും സമയബന്ധിതമായും അവതരിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി പല കാര്യങ്ങൾ ഇനിയും ചെയ്യാനുണ്ട് എന്ന് ഞങ്ങൾ തിരിച്ചറിയുന്നു.

ഇ-ന്യൂസ്‌ലെറ്റർ
തങ്ങളുടെ മൊബൈൽ ഡിവൈസുകളിൽ നിന്ന് നമ്മുടെ വെബ്സൈറ്റ് സന്ദർശിക്കുന്ന ആളുകളുടെ എണ്ണത്തിലുണ്ടാകുന്ന ദ്രുതഗതിയിലുള്ള വളർച്ച കണക്കിലെടുത്ത് നമുക്ക് മൊബൈൽ ഒപ്റ്റിമൈസ്ഡായ വെബ്സൈറ്റാണ് ഉള്ളത് എന്ന് ഉറപ്പാക്കുന്നതിനായി എം.എ.യു.കെ. വെബ്സൈറ്റ് പുനർരൂപകല്പന ചെയ്തിട്ടുണ്ട്. നമ്മുടെ വെബ്സൈറ്റ് വിവരങ്ങളുടെ ശേഖരമാണ്. 2015നുള്ള പ്രധാന ഊന്നൽ നമ്മുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് വെബ്സൈറ്റിനെ എങ്ങനെ ഉപയോഗിക്കണമെന്നതും നമ്മുടെ വെബ്സൈറ്റ് സന്ദർശിക്കാൻ സമൂഹത്തെ സജ്ജമാക്കുന്നതുമായിരിക്കും.

**ഫിനാൻസസ്**
എക്സ്റ്റേണൽ ഓഡിറ്റ് ചെയ്ത ഈ വർഷത്തേക്കുള്ള അക്കൗണ്ട്സ് ഈ റിപ്പോർട്ടിന്റെ അവസാനത്തിൽ നല്കിയിരിക്കുന്നു.

**പ്രമേയങ്ങൾ**
അംഗങ്ങൾ ഏതെങ്കിലും പ്രമേയങ്ങൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ദയവായി വാർഷിക പൊതുയോഗത്തിന് ഏറ്റവും ചുരുങ്ങിയത് ഏഴ് ദിവസം മുമ്പെങ്കിലും കമ്പനി സെക്രട്ടറിയെ അറിയിക്കുക. പ്രമേയങ്ങൾ എം.എ.യു.കെ.യുടെ ഒരംഗം നിർദേശിക്കുകയും രണ്ട് അംഗങ്ങൾ പിന്താങ്ങുകയും വേണം. ഈ വിഷയം ചർച്ചയ്ക്കെടുക്കുമ്പോൾ വാർഷിക പൊതുയോഗത്തിൽ മൂന്ന് അംഗങ്ങളും സന്നിഹിതരായിരിക്കേണ്ടതുമാണ്.

**ഉപസംഹാരം**

2015 വർഷം എം.എ.യു.കെ.യെ സംബന്ധിച്ചിടത്തോളം വളരെയധികം വെല്ലുവിളികൾ നിറഞ്ഞ ഒരു വർഷമായിരുന്നു. പ്രവർത്തനപരമായ കാരണങ്ങളാൽ, വാർഷിക പൊതുയോഗം വർഷത്തിന്റെ മദ്ധ്യത്തിലേക്ക് മാറ്റിവയ്ക്കുകയും അതു കാരണം പ്രവർത്തനപരമായ ഘടനയും സേവനങ്ങളും അല്പം ബാധിക്കപ്പെടുകയും അത് നാം മാനേജ് ചെയ്യുകയും നിലനിർത്തുകയും ചെയ്തു. നമ്മുടെ എൽഡേഴ്സ് സർവ്വീസിന് അതൊരു വെല്ലുവിളി നിറഞ്ഞ സമയമായിരുന്നു. അതിനർത്ഥം എം.എ.യു.കെ. ധനശേഖരണത്തിന് ബദൽ മാർഗ്ഗങ്ങൾ അന്വേഷിക്കേണ്ടത് അത്യാവശ്യമാണ് എന്നാണ്. കാരണം അത് പല ആളുകളുടെയും ജീവിതങ്ങളെ പരിവർത്തിപ്പിച്ച വിലപ്പെട്ട സേവനമാണ്. ഓണം, കേരളാ കാർണിവൽ പോലെയുള്ള പരിപാടികൾ മറ്റ് സംഘടനകളുമായുള്ള പങ്കാളിത്തത്തിൽ നടത്തിയതിനാൽ അവ ചെലവ് കുറച്ച് നടത്താൻ സാധിച്ചു. എല്ലാ ഡയറക്ടർമാർക്കും, വോളന്റീയർമാർക്കും, സ്പോൺസർമാർക്കും, പ്രാദേശിക അധികൃതർക്കും, സംഘടനയ്ക്ക് പിന്തുണയും സഹായവും നല്കിയ പങ്കാളികൾക്കും എം.എ.യു.കെ.യുടെ പേരിൽ ഒരിക്കൽ കൂടി നന്ദി രേഖപ്പെടുത്താൻ ഈ അവസരം വിനിയോഗിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഞാൻ ഉപസംഹരിക്കുന്നു.

സുധീരൻ വാസുദേവൻ
ജനറൽ സെക്രട്ടറി
എം.എ.യു.കെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ പേരിൽ